**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **19-06-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 85-ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയപാത 85-ന്റെ വികസനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ദേശീയപാത 85 ന്റെ വികസനം നിലവിൽ 15% പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദേശീയപാതയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (ബി) | ദേശീയപാത 85വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി National Highway Act 1956, Section 3 E പ്രകാരമുള്ള നോട്ടീസുകൾ അയച്ചിട്ടുണ്ട്. 3G അവാർഡ് വിതരണം പുരോഗമിക്കുന്നു. Rehabilitation and Resettlement Committee രൂപീകരിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>ദേശിയപാത 85(കൊച്ചി മൂന്നാർ-തേനി) വികസനവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ നേര്യമംഗലം പാലം, കുട്ടമംഗലം മൂവാറ്റുപുഴ ബൈപ്പാസ് / കോതമംഗലം ബൈപ്പാസ് എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് നടന്നു വരുന്നത്. നേര്യമംഗലം പാലം, കുട്ടമംഗലം എന്നിവിടങ്ങളിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും, ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റിയിൽ നിന്നും ഫണ്ട് ലഭ്യമായിട്ടുള്ളതുമാണ്. ഭൂവുടമകൾക്ക് നഷ്ടപരിഹാരതുക നൽകുന്നതിന്, ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. മൂവാറ്റുപുഴ ബൈപ്പാസ്/ കോതമംഗലം ബൈപ്പാസുമായി ബന്ധപ്പെട്ട് 07/12/2023 ൽ 31.5033 ഹെക്ടർ ഭൂമിയുടെ 3 എ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സർവ്വെ നടപടികൾ പൂർത്തികരിച്ച് 3ഡി വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിലേക്ക് MORTH ന്റെ ഭൂമിരാശി പോർട്ടലിൽ 15/03/2024-ന് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അത് ഇന്ത്യാ ഗസറ്റിൽ പ്രസിദ്ധീകരിച്ച് വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>നിലവിലുള്ള റോഡിന്റെ ഇരുവശങ്ങളിലുമായി 13 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിനാണ് ഇടുക്കി ജില്ലയിൽ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിക്ക് പുതിയതായി സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശമില്ല, ലഭ്യമായ പുറമ്പോക്ക് ഉപയോഗിച്ച് വികസനം നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വനം വകുപ്പുമായുള്ള തർക്കങ്ങളിൽ ഹൈക്കോടതി ഇടപെട്ട് തീർപ്പ് കൽപ്പിക്കുകയുണ്ടായോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്.കൊച്ചി തേനി ദേശീയപാത 85 ന്റെ നേര്യമംഗലം മൂന്നാർ ഭാഗം വനം/CHR( Cardamom Hill Reserve) മേഖലയിലൂടെയാണ് കടന്ന് പോകുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള രേഖകൾ പ്രകാരം [സ.ഉ(കൈ)നം.73/1996/PW&T] ഈ ഭാഗത്ത് 30 മീറ്റർ വീതി ഉറപ്പാക്കേണ്ടതുണ്ട് എന്ന് വനം വകുപ്പ് ചീഫ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പാത കടന്ന് പോകുന്ന നേര്യമംഗലം മൂന്നാർ ഭാഗം വനം വകുപ്പിന്റെ രേഖകൾ പ്രകാരം റിസർവ് ഫോറസ്റ്റ് ആണ് എന്നും, ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് 1980 ൽ പാസാക്കിയതിനാൽ 1996 ലെ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് കൺസർവേഷൻ ആക്റ്റ് 1980 ന്റെ ലംഘനം ആണ് എന്നുമാണ് വനം വകുപ്പിന്റെ നിലപാട്. ദേശീയപാത 85 ന് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് വനഭൂമി ഏറ്റെടുക്കുന്നതിന് തയ്യാറല്ല എന്ന് ദേശീയപാത അതോറിറ്റിയും അറിയിച്ചിട്ടുണ്ട്.<br><br>1996 ലെ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരം ദേശീയപാത 85 വീതികൂട്ടാൻ അനുവദിക്കണമെന്നും, പ്രസ്തുത പ്രവൃത്തിക്ക് തടസ്സം നിൽക്കരുത് എന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. കിരൺ സിജു മുതൽപേർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 10978/2024 ൽ 28.05.2024 ലെ വിധി പ്രകാരം ദേശീയപാത വികസനത്തിന് തടസ്സം സൃഷ്ടിക്കരുത് എന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ